ഉത്തരം

(എ) ആന്റ് (ബി) 19-4-2004-ലെ സർക്കാർ ഉത്തരവ് (സാധാ) 1174/04/ആ.കു.വ. പ്രകാരം എൻ. സി. പി. കോഴ്സ് സെലക്ഷൻ കമ്മിറ്റി ചെയർമാൻ പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസറാണ്. പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസറായിരുന്ന ശ്രീ. അബ്ദുൾ ലത്തീഫിനെ തൽസ്ഥാനത്തുനിന്നു മാറ്റിയ സാഹചര്യത്തിൽ പിന്നീട് ചുമതലയേറ്റ കൺട്രോളിംഗ് ഓഫീസർ ചെയർമാനായി നിയമിക്കപ്പെടുക വഴി വന്ന സ്വാഭാവിക മാറ്റം മാത്രമേ ഉണ്ടായിട്ടുള്ളു.

(സി) നാഷണൽ ഹോസ്പിറ്റൽ കോഴിക്കോട്, കോലത്ത് മെഡിക്കൽ സെന്റർ, തിരുവനന്തപുരം, ഡോ. എ. കെ. ബി. മിഷൻ, ശാരദാ മെഡിക്കൽ സെന്റർ കൊയിലാണ്ടി എന്നീ സ്ഥാപനങ്ങളാണ് കമ്മിറ്റി പരിശോധിച്ചത്. ഡോ. അബ്ദുൾലത്തീഫ് ചെയർമാനായിരുന്ന കമ്മിറ്റി ശുപാർശയൊന്നും സർക്കാരിന് ലഭിച്ചതായി കാണുന്നില്ല.

(ഡി) പുതുതായി കമ്മിറ്റിയെ നിയമിച്ചിട്ടില്ല. 19-4-2004-ൽ സ. ഉ. (സ) 1174/04/ ആകുവ. പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ഘടന താഴെപറയും പ്രകാരം ആണ് :

(1) തിരുവനന്തപുരം ഹോമിയോപ്പതി മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ആന്റ് കൺട്രോളിംഗ് ഓഫീസർ—(ചെയർമാൻ) ;

(2) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ—അംഗം ;

(3) ഡോ. പ്രസന്നകുമാരി (ചീഫ് മെഡിക്കൽ ആഫീസർ, ചാത്തന്നൂർ ഹോമിയോ ഡിസ്പെൻസറി)—അംഗം ;

(4) ആരോഗ്യ, കുടുംബക്ഷേമവകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി—അംഗം.

(ഇ) എ. കെ. ബി. മിഷൻ, ശാരദാ മെഡിക്കൽ സെന്റർ കൊയിലാണ്ടി എന്ന സ്ഥാപനത്തിന് നൽകാനാണ് ശുപാർശ ചെയ്തത്. അതേ സ്ഥാപനത്തിനു മാത്രമേ എൻ. ഒ. സി. നൽകിയിട്ടുള്ളു.

സ്വാശ്രയ മാനേജ്മെന്റിന്റെ കീഴിലെ ഡി.ഫാം. കോഴ്സുകൾ

159 [1686] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് അംഗീകൃത ഡി. ഫാം. കോഴ്സുകൾ നടത്തുന്ന എത്ര സ്ഥാപനങ്ങൾ കേരളത്തിലുണ്ട് ;

(ബി) ഇവയിൽ സ്വാശ്രയ മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നവ ഏതെയാണ്;

(സി) ഇത്തരം കോളേജുകളിലെ ഫീസ് ഘടന ഏകീകരിക്കേണ്ടതാണെന്ന് കരുതുന്നുണ്ടോ;

(ഡി) ഇവയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏതെങ്കിലും കമ്മീഷനെയോ ഏജൻസിയേയോ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യം സർക്കാർ പരിഗണനയിലുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇരുപത്തിമൂന്ന്.

(ബി) പതിനെട്ട്.

(സി) ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പുതിയ വാർഡുകൾ നിർമ്മിക്കാൻ നടപടി

160 [1687] ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ്ജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോട്ടയം, കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രികളുടെ രൂപകൽപ്പന നടത്തിയതെന്നാണ്;

(ബി) ഈ ആശുപത്രികൾ സ്ഥാപിച്ചശേഷം അവയ്ക്ക് എത്ര പുതിയ വാർഡുകൾ നിർമ്മിച്ചു;

(സി) രോഗികളുടെ എണ്ണവുമായി തട്ടിച്ചു നോക്കുമ്പോൾ ഈ വാർഡുകൾ പര്യാപ്തമാണോ;

(ഡി) അല്ലെങ്കിൽ അവയ്ക്കുവേണ്ടി പുതിയ വാർഡുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം : 1951
(ബി) കോഴിക്കോട് : 1956
(സി) കോട്ടയം : 1961

(ബി) സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വാർഡുകൾ നിർമ്മിച്ചത് മെഡിക്കൽ കോളേജുകളുടെ ആരംഭത്തിനുശേഷമാണ്. ഇതിൽ കാർഡിയോളജി, ഗ്യാസ്ട്രോ എൻട്രോളജി, നെഫ്രോളജി, ന്യൂറോ സർജറി, ന്യൂറോ മെഡിസിൻ എന്നിവ ഉൾപ്പെടും.

(സി) അല്ല.

(ഡി) പുതിയ വാർഡുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly